കിടത്തിചികിത്സ ആരംഭിക്കുന്നതിന് മിനിമം വേണ്ട തസ്തികകളുടെ എണ്ണത്തെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ആശുപത്രി കെട്ടിടങ്ങളിൽ മുകളിൽ ഒരുനിലകൂടി കെട്ടി ജീവനക്കാർക്ക് താമസ സൗകര്യം ലഭ്യമാക്കി നിലവിലുള്ള സ്ഥലത്ത് രോഗികൾക്ക് കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കണമെന്നും ഇക്കാര്യം അടുത്ത ശബരിമല സീസണു മുൻപായി തന്നെ പൊതുമരാമത്ത് (കെട്ടിടങ്ങൾ) വകുപ്പ് നടപ്പിലാക്കണമെന്നും 24-1-2005-ൽ പമ്പ ദേവസ്വം ഹാളിൽ വച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ തീരുമാനിച്ചു.

(ഡി) & (ഇ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റാന്നി താലൂക്കാശുപത്രിക്ക് 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതേ സാമ്പത്തിക വർഷത്തിൽ അതേ ആശുപത്രിക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളാണ് കാലതാമസത്തിനുണ്ടായ കാരണം. നടപ്പ് സാമ്പത്തിക വർഷത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം നിയമാനുസൃതം പരിശോധിക്കുന്നതാണ്.

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകൾ

167 [1767] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ഏതെല്ലാം വിഭാഗം ഡോക്ടർമാരുടെ തസ്തികകളുണ്ട്.

(ബി) ഇതിൽ ഏതെല്ലാം വിഭാഗം ഡോക്ടർമാർ നിലവിലുണ്ട്;

(സി) ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ സിവിൽ സർജൻമാരുടേയും, അസിസ്റ്റന്റ് സർജൻമാരുടേയും താഴെപറയും പ്രകാരമുള്ള തസ്തികകളാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം	സിവിൽസർജൻ	അസിസ്റ്റന്റ് സർജൻ
മെഡിസിൻ	1	1
സർജറി	1	0
ഗൈനക്കോളജി	1	1
അനസ്തേഷ്യ	0	1
പീഡിയാട്രിക്സ്	1	0
ഒഫ്താൽമോളജി	0	1
ഇ. എൻ. റ്റി	0	1
ഓർത്തോപീഡിക്സ്	0	1
സൈക്യാട്രി	0	1
ആകെ	4	7

(ബി) ഇതിൽ തക്ക് രോഗ വിഭാഗത്തിലും, ശിശുരോഗ വിഭാഗത്തിലും ഓരോ സിവിൽ സർജൻമാർ നിലവിലുണ്ട്. കൂടാതെ സ്പെഷ്യാലിറ്റി യോഗ്യത ഒന്നും ഇല്ലാത്ത ഒരു സിവിൽ സർജനും ജോലി ചെയ്തുവരുന്നു. അസിസ്റ്റന്റ് സർജൻ ജോലിചെയ്തുവരുന്ന വിഭാഗങ്ങൾ താഴെപറയും പ്രകാരമാണ്.

അനസ്തേഷ്യ	..	1
ഓർത്തോപീഡിയാട്രിക്സ്	..	2 (1 അവധിയിൽ)
ഇ.എൻ.റ്റി	..	1
സൈക്യാട്രി	..	1 (അവധിയിൽ)
പീഡിയാട്രിക്സ്	..	1 (അവധിയിൽ)
ഗൈനക്കോളജി	..	1 (അവധിയിൽ)

(സി) സിവിൽ സർജന്റെ ഒഴിവുള്ള ഒരു തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആദിവാസി ഊരുകളിൽ സിക്കിൽസെൽ അനീമിയ

168 [1769] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും ആദിവാസി ഊരുകളിൽ സിക്കിൽസെൽ അനീമിയ (അരിവാൾ രോഗം) വ്യാപകമായി കാണപ്പെടുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly